# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6468** **21.11.2019 -ൽ മറുപടിയ്ക്ക്**

## പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണച്ചെലവ്

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | പൊതുവിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഉച്ചഭക്ഷണത്തിന്റെ ചെലവ് സർക്കാർ മുൻകൂർ നൽകുന്നുണ്ടോ; ഭക്ഷണം പാകം ചെയ്യുന്നതിനായി സ്കൂളുകളിൽ പ്രത്യേകം ആളുകളെ ദിവസവേതനാടിസ്ഥാനത്തിൽ നിർത്തിയിട്ടുണ്ടോ; | (എ) | ഉച്ചഭക്ഷണത്തിന്റെ ചെലവ് മുൻകൂറായി നൽകുന്നുണ്ട്. പാചകം ചെയ്യുന്നതിനായി ദിവസ വേതനാടിസ്ഥാനത്തിൽ പാചകതൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ അവർക്ക് നൽകുന്ന വേതനം എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | ബി) | 17/08/2019 -ൽ ഏർപ്പെടുത്തിയ വർദ്ധനവ് പ്രകാരം നിലവിൽ പാചക തൊഴിലാളികൾക്ക് ലഭിക്കുന്ന കുറഞ്ഞ വേതനം 500/- രൂപയും പരമാവധി വേതനം 575/- രൂപയുമാണ്. |
| സി) | ഉച്ചഭക്ഷണച്ചെലവ് മുൻകൂറായി നൽകാൻ നടപടി സ്വീകരിക്കുമോ? | സി) | ഈ വർഷം തുടക്കത്തിൽ പാചകചെലവിനാവശ്യമായ തുക മുൻകൂറായി അനുവദിച്ച് നൽകിയിരുന്നു. തുടർന്നുള്ള ദിവസങ്ങളിലേയ്ക്കുള്ള തുക മുൻകൂറായി അലോട്ട്മെന്റ് മുഖാന്തിരം അനുവദിച്ചുനൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ